# DEVI VILASOM HIGHER SECONDARY & VOCATIONAL HIGHER SECONDARY SCHOOL

**THALAVOOR**

**KOLLAM (Dist) KERALA STATE - 691 508**

**Ph: 0475-2328050**




# A MASTER PLAN FOR SCHOOL DEVELOPMENT 2025

.

# ആമുഖം

കലയുടെയും ഭക്തിയുടെയും സംഗമഭൂമിയായ തലവൂർ ഗ്രാമത്തിന്റെ തിലകക്കുറിയായി ദേവീവിലാസം ഹയർസെക്കന്ററി & വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ സ്ഥിതിചെയ്യുന്നു. 1952 - ൽ ആരംഭിച്ച ഈ സരസ്വതീ ക്ഷേത്രം കൊല്ലം ജില്ലയിലെ മികവിന്റെ കേന്ദ്രങ്ങളിൽ ഒന്നാണ്. 7 പതിറ്റാണ്ടിന്റെ പാരമ്പര്യമുള്ള ഈ വിദ്യാലയം തലവൂരിന്റെ ശാലീനതയുടെ പ്രതീകമാണ്.

തലവൂർ തൃക്കൊന്നമർകോട് ദേവസ്വത്തിന്റെ ഉടമസ്ഥതയിലാണ് ദേവീവിലാസം ഹയർസെക്കന്ററി & വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ പ്രവർത്തിക്കുന്നത്. ആറ് കരകളിൽ നിന്നായി തിരഞ്ഞെടുക്കപ്പെടുന്ന 36 അംഗ ഭരണസമിതിയാണ് തൃക്കൊന്നമർകോട് ദേവസ്വത്തിന് ഉള്ളത്. തലവൂരിന്റെ സാമൂഹിക രംഗത്ത് നിരവധി സന്നദ്ധ പ്രവർത്തനങ്ങളും സേവനങ്ങളും തലവൂർ തൃക്കൊന്നമർകോട് ദേവസ്വം നൽകിയിട്ടുണ്ട്. ജാതി - മത വ്യത്യാസമില്ലാതെ പൊതു സമൂഹത്തിനായി ദേവസ്വം നൽകിയിട്ടുള്ള സംഭാവനകൾ എക്കാലവും സ്മരണീയമാണ്. ദേവീവിലാസം ഹയർസെക്കന്ററി & വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിന്റെ അക്കാഡമിക് മികവിനും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ദേവസ്വം ഭരണസമിതി എപ്പോഴും ശ്രദ്ധപുലർത്തുന്നു.

നൂറുകണക്കിന് ആളുകളെ ഉന്നതശ്രേണിയിലേക്ക് കൈപിടിച്ച് ഉയർത്തിയ ഈ വിദ്യാലയം ജില്ലയിലെ മികവിന്റെ കേന്ദ്രമാക്കി മാറ്റാനുള്ള പരിശ്രമത്തിലാണ് സ്കൂൾ അധികൃതരും നാട്ടുകാരും ജനപ്രതിനിധികളും. പൊതുവിദ്യാലയ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഈ സ്ക്കൂളിനെ കൈപിടിച്ച് ഉയർത്തുകവഴി തലവൂർ പഞ്ചായത്തിലെയും സമീപഗ്രാമങ്ങളിലേയും സാധാരണക്കാരായ ആളുകളുടെ മക്കൾക്ക് വിദ്യാഭ്യാസ ആവശ്യങ്ങൾ നിറവേറ്റാൻ സാധിക്കും .

കലാസാംസ്ക്കാരിക രംഗത്തെ നിരവധി മഹാരഥന്മാർക്ക് ജന്മം നൽകാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. സാമൂഹിക സാമ്പത്തിക രംഗത്ത് പിന്നാക്കാവസ്ഥ ആണെങ്കിലും പഠന മികവുകൊണ്ടും പാഠ്യേതര പ്രവർത്തന മികവുകൊണ്ടും ജില്ലയിലെ മാതൃകാവിദ്യാലയങ്ങളിൽ ഒന്നാണ് ഈ വിദ്യാലയം. വിദ്യാഭ്യാസ ജില്ലയിൽ മികച്ച വിജയം നേടുന്ന സ്കൂൾ, നല്ലപാഠം എ+ ഗ്രേഡ്, സംസ്ഥാന അദ്ധ്യാപക അവാർഡ് എന്നിവ നേടാനായത് സ്കൂളിന്റെ പ്രവർത്തന മികവുകൊണ്ടാണ്.

സമിതിയുടെ അംഗീകാരത്തിനായി ഈ മാസ്റ്റർ പ്ലാൻ സമർപ്പിക്കുന്നു.



# സ്കൂൾ ചരിത്രം

1947 ആഗസ്റ്റ് 15 - ലെ സ്വാതന്ത്ര്യദിന പുലരിയിൽ തലവൂരിൽ ഒത്തുകൂടിയ ജനങ്ങൾ ഐക്യത്തിന്റെയും ഒത്തൊരുമയുടെയും ശക്തി വിളിച്ചോതുന്നതായിരുന്നു. സ്വാതന്ത്ര്യത്തിന്റെ മധുരം പങ്കുവയ്ക്കുന്നതിനോടൊപ്പം നാടിന്റെ ആകുലതകളും നാട്ടുപ്രമാണിമാർ പങ്കുവെച്ചു. അതിൽ പ്രൈമറി വിദ്യാഭ്യാസം കഴിഞ്ഞാൽ തുടർപഠനത്തിന് സൗകര്യം ഇല്ലാത്തതായിരുന്നു പ്രധാന പ്രശ്നമായി ചർച്ച ചെയ്തത്. ഭൂരിഭാഗം പേരും സ്കൂൾ ആരംഭിക്കുന്നതിനായി പ്രവർത്തിക്കാമെന്നേറ്റു. പക്ഷേ ഉത്തരവാദിത്വം ഏറ്റെടുക്കാൻ ആരും തയ്യാറായില്ല. അവസാനം തലവൂർ തൃക്കൊന്നമർകോട് ദേവസ്വം സ്കൂൾ നിർമ്മിക്കുന്നതിന് ഒരുക്കമാണെന്ന് അറിയിച്ചു. തുടർന്ന് നടന്ന വിവിധ യോഗങ്ങളിൽ സ്കൂൾ നിർമ്മിക്കുന്നതിന് രൂപരേഖ തയ്യാറാക്കി. ക്ഷേത്രത്തോട് ചേർന്ന വനസമാനമായ സ്ഥലമായിരുന്നു സ്കൂളിനായി തെരഞ്ഞെടുത്തത്. ആറ് കരക്കാരായിരുന്നു തലവൂർ ദേവസ്വത്തിന്റെയും ക്ഷേത്രത്തിന്റെയും ഉടമസ്ഥർ. ജാതി-മത ഭേദമെന്യേ നടന്ന കൂട്ടായ പരിശ്രമത്തിന്റെ പരിസമാപ്തിയിൽ ഉയർന്നു വന്ന സ്കൂളിന്റെ നിർമ്മാണം പൂർത്തിയാകാൻ 4 വർഷം വേണ്ടി വന്നു.

1952-ൽ ശ്രീ. പട്ടംതാണുപിള്ള മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിൽ വിദ്യാഭ്യാസ മന്ത്രിയായിരുന്ന ശ്രീ. എ.ജെ. ജോൺ ആയിരുന്നു കെട്ടിടത്തിന്റെ ശിലാസ്ഥാപനം നടത്തിയത്. പ്രമുഖ നേതാവായ ശ്രീ. കളത്തിൽ വേലായുധൻ നായർ തുടങ്ങിയവർ സ്കൂളിന് അംഗീകാരം നേടിയെടുക്കുന്നതിൽ വിജയിച്ചു. കുട്ടികളുടെ എണ്ണം പെരുകിയതുമൂലം ക്ഷേത്രത്തോടുചേർന്നുള്ള കുളപ്പുരയിലും, ഊട്ടുപുരയിലും ക്ലാസ്സുകൾ നടത്തേണ്ടിവന്നു. കൊല്ലം ജില്ലയുടെ കിഴക്കൻ മേഖലയ്ക്ക് അക്ഷരവെളിച്ചം പകർന്ന് സ്കൂൾ ഇന്ന് അതിന്റെ ചരിത്രപരമായ ഉത്തരവാദിത്വങ്ങൾ നിറവേറ്റികൊണ്ടിരിക്കുന്നു.

രാജ്യത്തിനുവേണ്ടി രക്തസാക്ഷിത്വം വരിച്ച ധീരസൈനികരുടെ കലാലയം കൂടിയാണിത്. പതിറ്റാണ്ടുകൾ പിന്നിടുമ്പോൾ രാഷ്ട്രീയ - സാമൂഹിക - സാംസ്ക്കാരിക രംഗങ്ങളിൽ പ്രഗത്ഭരായ നിരവധിപേരെ നാടിന് സംഭാവന ചെയ്യുവാൻ ഈ സ്കൂളിന് കഴിഞ്ഞു. 2002-ൽ നടന്ന സുവർണ്ണ ജൂബിലി ആഘോഷങ്ങൾ നാട് മുഴുവൻ ഏറ്റെടുക്കുകയായിരുന്നു. ഇന്ന് സ്കൂളിന്റെ വികാസം ആരെയും അത്ഭുതപ്പെടുത്തുന്നതാണ്. എൽ. കെ. ജി. മുതൽ ഹയർ സെക്കന്ററി തലം വരെ ആയിരക്കണക്കിനു കുട്ടികൾ ഈ കലാലയത്തിൽ നിന്നും അറിവിന്റെ പുത്തൻ വെളിച്ചം നേടിക്കൊണ്ടിരിക്കുന്നു.

# ഭൗതിക സാഹചര്യങ്ങൾ

തലവൂർ ദേവീവിലാസം ഹയർസെക്കന്ററി സ്കൂളിൽ യു.പി. എച്ച്.എസ്. വിഭാഗങ്ങളിലായി നിലവിൽ 22 ക്ലാസ് റൂമുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രത്യേക ഓഫീസും 2 സ്റ്റാഫ് റൂമുകളുമുണ്ട്. ഹൈസ്കൂളിലും, ഹയർസെക്കന്ററി വിഭാഗത്തിലും ആവശ്യാനുസരണം ക്ലാസ് റൂമുകൾ സജ്ജമാണ്. ആവശ്യമായ സയൻസ് ലാബുകൾ, ഐ. ടി ലാബുകൾ, ലൈബ്രറികൾ, സ്പോർട്സ് റൂം എന്നിവയും പ്രവർത്തിക്കുന്നുണ്ട്. വിദ്യാർത്ഥികൾക്ക് ഭക്ഷണം തയ്യാറാക്കുന്നതിന് പ്രത്യേകം അടുക്കള സജ്ജീകരിച്ചിട്ടുണ്ട്. സ്കൂളിനോട് ചേർന്ന് വിശാലമായ കളിസ്ഥലവുമുണ്ട്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകമായി ടോയ്‌ലറ്റ് ബ്ലോക്ക് നിലവിൽ ഉണ്ട്. കാർഷിക അഭിരുചി വർദ്ധിപ്പിക്കുന്നതിനായി കൃഷിതോട്ടവും ഉദ്യാനവും പരിപാലിക്കുന്നുണ്ട്.

**പരിമിതികൾ**

സ്കൂൾ നേരിടുന്ന എറ്റവും വലിയ പരിമിതി ഓപ്പൺ ഓഡിറ്റോറിയത്തിന്റേതാണ്. അതുപോലെ ഐ. ടി ലാബുകളിൽ ലാപ്ടോപ്പുകളുടെ പരിമിതിയുമുണ്ട്.

# അടിസ്ഥാന സ്ഥിതിവിവരകണക്കുകൾ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | ഡി. വി. എച്ച്. എസ്. എസ്. & വി. എച്ച്. എസ്. എസ്. തലവൂർ |
| ജില്ല | : | കൊല്ലം |
| വില്ലേജ് | : | തലവൂർ |
| പഞ്ചായത്ത് | : | തലവൂർ |
| പിൻകോഡ് | : | 691 508 |
| ഫോൺ നമ്പർ | : | 0475 2328080 |
| മാനേജർ | : | റ്റി. പ്രഭാകരൻ |
| ഹെഡ്മിസ്ട്രസ്സ് | : | സിന്ധു കെ നായർ |
| പ്രിൻസിപ്പാൾ (എച്ച്.എസ്.എസ്) | : | എസ്. സിന്ധു |
| പ്രിൻസിപ്പാൾ (വി.എച്ച്.എസ്.എസ്) | : | ബി. സിന്ധു |
| പി. റ്റി. എ. പ്രസിഡന്റ് | : | ആർ. രാധാകൃഷ്ണപിള്ള |
| എ. ഇ. ഒ. | : | കുളക്കട |
| ഡി. ഇ. ഒ. | : | കൊട്ടാരക്കര |
| **കുട്ടികളുടെ എണ്ണം** | | |
| ആകെ | : | 720 |
| ആൺകുട്ടികൾ | : | 349 |
| പെൺകുട്ടികൾ | : | 371 |
| **ജീവനക്കാരുടെ എണ്ണം** | | |
| യു.പി വിഭാഗം | : | 11 |
| എച്ച്.എസ്.വിഭാഗം | : | 16 |
| വി.എച്ച്.എസ്.എസ്. വിഭാഗം | : | 18 |
| എച്ച്.എസ്.എസ്.വിഭാഗം | : | 13 |
| സ്പെഷ്യൽ ടീച്ചേഴ്സ് | : | 03 |

:

## സ്കൂൾ സമഗ്രവികസനകാഴ്ചപ്പാട്

പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ ഓരോ വിദ്യാർത്ഥിക്കും സജീവമായി പങ്കെടുക്കുവാനും ലോകത്ത് മറ്റെവിടെയും പഠിക്കുന്ന സമാനപ്രായത്തിലുള്ള വിദ്യാർഥികൾ നേടുന്ന നേടുന്ന അറിവും ശേഷികളും മൂല്യങ്ങളും നേടാനും ഉത്തമപൗരന്മാരായി മാറാനും ആവശ്യമായ പഠന സാഹചര്യം ഒരുക്കുക

## അക്കാദമിക് മാസ്റ്റർ പ്ലാനിന്റെ പൊതുലക്ഷ്യം

- ➔ ഓരോ കുട്ടിയും വിവിധ ഭാഷാശേഷികൾ നേടിയിട്ടുണ്ടെന്ന് ഉറപ്പാക്കുക.
- ➔ ഓരോ കുട്ടിയേയും മാതൃഭാഷയെ സ്നേഹിക്കുന്നവരായും മറ്റു ഭാഷകളിൽ പ്രാവീണ്യമുള്ളവരായും മാറ്റുന്നതിന് പരിശീലനം നൽകുക .
- ➔ കുട്ടികളെ ഗണിതശാസ്ത്രപഠനത്തിൽ താല്പര്യമുള്ളവരാക്കി മാറ്റുക .ഗണിതപ്രതിഭകളെ കണ്ടെത്തി പ്രത്യേകപരിശീലനം നൽകുക.
- ➔ ശാസ്ത്രപഠനത്തിനു സമൂഹത്തിലുള്ള പ്രാധാന്യം കുട്ടികളെ ബോധ്യപ്പെടുത്തുകയും അവരെ ശാസ്ത്രബോധമുള്ളവരാക്കിമാറ്റുകയും ചെയ്യുക . അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ പോരാടാനും കുട്ടികളെ പ്രാപ്തരാക്കുക .
- ➔ മാനവികവിഷയങ്ങൾ പഠിക്കുന്നതിലൂടെ കുട്ടികളിൽ മാനവികതാബോധം ഉണ്ടാക്കുകയും സർവമത സാഹോദര്യം വളർത്തുകയും ചെയ്യുക .
- ➔ കലാകായികപ്രവർത്തിപരിചയപഠനത്തിലൂടെ കുട്ടികളുടെ കായികശേഷിയും കലാശേഷിയും മെച്ചപ്പെടുത്തുക .

## മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| 1) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം - അടിക്കുറിപ്പ്<br>9. ചിത്രം - കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 2 മാസം, (ആഗസ്ത്, സെപ്തംബർ) | പുസ്തകങ്ങൾ, ചിത്രങ്ങൾ | പി.ടി.എ, അധ്യാപകർ |
| 2) കുട്ടിയെ മികച്ച വായനക്കാരനാക്കുക. | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം<br>8. വായനാക്കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>10. ദിനാചരണം<br>11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും.<br>13. ആസ്വാദകരമായ വായന<br>14. ഇ - വായന | 6 മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ | പി.ടി.എ, അധ്യാപകർ |

## മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| 3) കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>5. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7. വ്യക്തിഗത രചന, സംഘ രചന<br>8. ഭാഷ പ്രോജക്ട്<br>9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം<br>10. സാഹിത്യ-സാംസ്കാരിക ചിത്ര ഗ്യാലറി | 6 മാസം | ലൈബ്രറി, പുസ്തകങ്ങൾ, ഫോട്ടോകൾ, പുസ്തകങ്ങൾ | പി.ടി.എ, അധ്യാപകർ |
| 4) സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക. | 6 മാസം, (ജൂലൈ-ഡിസംബർ) | ഓഡിയോ, വീഡിയോ | ട്രെയിനർ, അധ്യാപകർ |

# മേഖല -Highschool-English

| AIM | ACTIVITIES | PERIOD | CHARGE | FUND |
|---|---|---|---|---|
| • സ്വാതന്ത്രഎഴുത്തിന് സജ്ജരാക്കുക.<br>• ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ സംവേദിക്കാൻ സജ്ജരാക്കുക<br>• Fun and effective way to build vocabulary. | **Word of the day**<br>A)**Word wall:** create a visual display of the word of the day with definition.<br>B)**Daily Routine Integration:** start each day with a new word as part of morning announcement ask the students to use the word in sentences by the end of the day<br>C)**Creative Writing:** ask students to write a sentence using the word | June to February | Teachers and students | Staff fund |
| **Spoken English :**<br>• **I**mprove listening, speaking, interaction and confident building activities.<br>• സ്വാതന്ത്രമായ ആശയവിനിമയത്തിന് സജ്ജരാക്കുക | **Daily Speaking Practice:** set a time everyday when only English is spoken.<br>**Start with Common Phrases:** Greetings, self introduction, asking for help etc. Encourage to speak real life situations<br>**Pair and Group Discussion :** provide topics for short discussion (favourite food weekend plans)<br>**You stories and picture prompts:** shows picture and asks them to describe what they see. Reads a story and have them | June to Februay | Teachers, Students | PTA fund |

| | | | | |
|---|---|---|---|---|
| | retell it in their own words. | | | |
| • ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകുക<br>• Children express the learned portion in their own way | **My Own Book**<br>• Children picturises or describe the learned items in their own way<br>• Encourage children to Express what they learn in their own way<br>• Allow children to creatively present the part they have studied | June to February | Teachers Students | PTA |
| • സാങ്കേതിക സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.<br>• To help learners understand and use the rules of a language correctly and effectively in speaking and writing. | • Teacher introduces new word each week and asks students to use them in sentences.<br>• A vocabulary quiz can be conducted at the end of each month.<br>• **Charades**: Write down some language elements on slips of paper and fols them up. Place them in bowl pick a | June to February | Teachets Students | Staff fund |

# മേഖല - HighSchool Hindi

## हाईस्कूल - हिंदी विषय हेतु शैक्षणिक मास्टरप्लान

**शैक्षणिक वर्ष** : 2025-26

**कक्षा** : 8वीं, 9वीं, 10वीं

**विषय** : हिंदी

**विषय शिक्षक** : गीताकुमारी के. ई.

**उद्देश्य :**

1. छात्रों में हिंदी भाषा की समझ, रचनात्मकता और अभिव्यक्ति क्षमता विकसित करना।
2. व्याकरणिक ज्ञान को मज़बूत करना।
3. पाठ्यपुस्तक में दिए गए साहित्यिक अंशों को गहराई से समझना।
4. लेखन कौशल (निबंध, पत्र, संवाद, अनुच्छेद) का अभ्यास।
5. वार्षिक मूल्यांकन हेतु पूरी तैयारी सुनिश्चित करना।

---

**वार्षिक पाठ योजना :**

| माह | इकाई/पाठ | गतिविधियाँ | मूल्यांकन प्रकार |
|---|---|---|---|
| जून | भाषा और व्याकरण की पुनरावृत्ति | चर्चा, अभ्यास प्रश्न | मौखिक प्रश्नोत्तरी |
| जुलाई | पाठ-1 से 2 | पाठ विश्लेषण, प्रश्न-उत्तर लेखन | कार्यपत्र, होमवर्क |
| अगस्त | पाठ 3-4, निबंध लेखन | समूह चर्चा, अभ्यास लेखन | अर्द्धवार्षिक परीक्षा |

## सह-पाठ्य गतिविधियाँ

- हिंदी दिवस कार्यक्रम – भाषण, कविता-पाठ, नाटक।
- वाद-विवाद, कविसम्मेलन, लेखन प्रतियोगिताएँ।
- प्रोजेक्ट वर्क: लोक-कहानियाँ, व्यक्तिगत अनुभव, वर्तमान सामाजिक समस्याएँ।

---

## पुनरावलोकन और लचीला स्वरूप

- SCERT के नए पाठ्यक्रम ग्रिड व टीचिंग मैनुअल (2025–26) के अनुसार अद्यतन करें।
- प्रत्येक परीक्षा के बाद विश्लेषण करें – कहाँ सुधार ज़रूरी है: लेखन, शब्दावली, व्याकरण या प्रस्तुति।
- शिक्षक-वार कार्य योजना तैयार करें — संवैधानिक दृष्टि, कौशल, समावेश: कमजोर छात्रों के लिए विशेष सत्र।

---


## सह-पाठ्य गतिविधियाँ

- हिंदी दिवस कार्यक्रम – भाषण, कविता-पाठ, नाटक।
- वाद-विवाद, कविसम्मेलन, लेखन प्रतियोगिताएँ।
- प्रोजेक्ट वर्क: लोक-कहानियाँ, व्यक्तिगत अनुभव, वर्तमान सामाजिक समस्याएँ।

---

## पुनरावलोकन और लचीला स्वरूप

- SCERT के नए पाठ्यक्रम ग्रिड व टीचिंग मैनुअल (2025–26) के अनुसार अद्यतन करें।
- प्रत्येक परीक्षा के बाद विश्लेषण करें – कहाँ सुधार ज़रूरी है: लेखन, शब्दावली, व्याकरण या प्रस्तुति।
- शिक्षक-वार कार्य योजना तैयार करें — संवैधानिक दृष्टि, कौशल, समावेश: कमजोर छात्रों के लिए विशेष सत्र।


---

## सुझावित कदम

- SCERT की ऑफिशियल वेबसाइट या टीचिंग मैनुअल 2025 डाउनलोड करें।
- समय सारिणी तैयार करें — मास/सप्ताह स्तर पर स्पष्ट सीखने के परिणाम और गतिविधियाँ।
- सहकर्मी मूल्यांकन: अन्य हिंदी शिक्षकों से मास्टरप्लान साझा करें, सुझाव लें।

---

| | | | |
|---|---|---|---|
| अक्टूबर | कविता पाठ, चित्र वर्णन | काव्यपंक्तियों की व्याख्या | मौखिक मूल्यांकन |
| नवंबर | पाठ-5 से 7 | प्रश्नोत्तर, शब्दार्थ | मॉडल टेस्ट |
| दिसंबर | पाठ-8, अनुच्छेद लेखन | रचनात्मक लेखन | कक्षा मूल्यांकन |
| जनवरी | पाठ-9, पुनरावृत्ति<br>प्री-बोर्ड परीक्षा | प्रश्नोत्तरी, लेखन अभ्यास | प्री-बोर्ड परीक्षा |
| फरवरी | संपूर्ण पुनरावृत्ति | मॉडल प्रश्न-पत्र हल करना | मॉक टेस्ट |
| मार्च | वार्षिक परीक्षा | ----- | अंतिम मूल्यांकन |

## शिक्षण विधियाँ

- **इंटीग्रेटेड लर्निंग**: ऑडियो-विज़ुअल, कहानी-कहानी, रोल-प्ले।
- **समूह कार्य**: पेपर वर्क, छोटे-छोटे प्रोजेक्ट (जैसे: कहानी लिखना, कविता बनाना)।
- **सक्रिय पुनरावृत्ति**: क्विज़, स्लैम शो, प्रश्नोत्तरी।
- **डिजिटल माध्यम**: स्मार्ट क्लास, प्रस्तुति, वीडियो क्लिप विश्लेषण।

---

## मूल्यांकन रणनीति

1. निरंतर मूल्यांकन : कक्षा के दैनिक कार्य, गृहकार्य, क्विज़।
2. मेला परीक्षा : अर्द्ध-वार्षिक, प्री-बोर्ड, और वार्षिक मूल्यांकन।
4. नवीनतम दिशा : SCERT सलाह अनुसार दो-सप्ताह की शुरुआत में होलीस्टिक डेवलपमेंट (हाइजीन, यातायात, साइबर जागरूकता) शामिल करें।
5. मूल्यांकन सुधार : पेपर में विषय-विश्लेषण, रचनात्मकता एवं आलोचनात्मक सोच पर ख़ास ध्यान

---

മേഖല: ഹൈസ്കൂൾ : സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. പഠിതാക്കളെ ചരിത്രഅവബോധം ഉള്ളവരാക്കുക | <u>കൈകോർക്കാം ഒന്നായി</u><br>സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി ലാബ് സന്ദർശനം, ലാബ് ഒരുക്കൽ പഠന ട്രിപ്പുകൾ സംഘടിപ്പിക്കൽ. | അധ്യയന വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപകർ | ക്ലബ്ബംഗങ്ങൾ |
| 2 ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റിയെടുക്കുവാനും പൗരബോധം വളർത്തിയെടുക്കാനും | <u>ഒരേ മനസ്സോടെ</u><br>*സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ് ഇവ നടത്തൽ.<br>*സ്കൂൾതല ഇലക്ഷനിൽ മാതൃക ഇലക്ഷൻ സംവിധാനം നടപ്പാക്കൽ<br>* സാമൂഹ്യ സേവന പ്രവർത്തനങ്ങളിൽ പങ്കാളികളാകൽ | പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കാലയളവിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ. | പി. ടി. എ |
| 3 സാമൂഹ്യ പ്രശ്നങ്ങളിൽ വിമർശനാത്മക പ്രതികരണത്തിനും പൗരബോധം വളർത്തുന്നതിനും. | <u>കാലാവസ്ഥ ഉച്ചകോടി</u><br>*വിവിധ അക്ഷാംശങ്ങളുടെ കാലാവസ്ഥ പഠിക്കുന്നതിനും<br>*ചൂട് കൂടുന്നതിന്റെ കാരണങ്ങൾ ക്രിയാത്മകമായി കണ്ടെത്തുന്നതിനും പൊതു മുൻപിൽ അവതരിപ്പിക്കുന്നതിനും പരിഹാര പ്രവർത്തനങ്ങൾ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ. | ജൂൺ ജൂലൈ മാസങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി. ടി. എ |
| 4. സാമൂഹ്യശാസ്ത്ര | *ലാബുകളിലെ തനത് | ജൂൺ | | |

| | | | | |
|---|---|---|---|---|
| വിഷയത്തിൽ പരീക്ഷണ നിരീക്ഷണ മനോഭാവം വളർത്തുന്നതിന് | പ്രവർത്തനം<br>* വാനനിരീക്ഷണം<br>*ആകാശക്കാഴ്ചകൾ | ജൂലൈ മാസങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | ക്ലബ്ബംഗങ്ങൾ |
| 5. സർഗാത്മക പ്രവർത്തനങ്ങളിലൂടെ സാമൂഹ്യ ശാസ്ത്ര പഠനം ആസ്വാദ്യകരമാക്കുന്നതിന് | * റോൾപ്ലേ<br>* സ്കിറ്റ്<br>(സ്വാതന്ത്ര്യം,സമത്വം സാഹോദര്യം- ചിന്തകന്മാരുടെ വാക്കുകൾ,എസ്റ്റേറ്റ് സമ്മേളിക്കൽ) | ജൂലൈ ഓഗസ്റ്റ് | സാമൂഹ്യ ശാസ്ത്ര അധ്യാപകർ ക്ലാസ് തല ഗ്രൂപ്പ് പ്രവർത്തനം | പി. ടി. എ |
| 6. ക്രിയാത്മക പ്രവർത്തനങ്ങളിലൂടെ നവീന ആശയങ്ങൾ കണ്ടെത്തുന്നതിന് | സെമിനാർ<br>*ദൈനംദിന മനുഷ്യപ്രവർത്തനങ്ങളിൽ ദിനാവസ്ഥ പഠനത്തിന്റെ പ്രാധാന്യം<br>* കൃഷി, സഞ്ചാരം, ഗതാഗതം മത്സ്യബന്ധനം, വിനോദസഞ്ചാരം | പാഠാനുബന്ധ കാലയളവിലെ പ്രവർത്തനം | ക്ലാസ് തല ഗ്രൂപ്പ് പ്രവർത്തനം | പി. ടി. എ |
| 7. പഠിതാക്കളെ ചരിത്രബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | ICT സാധ്യതകൾ ഉപയോഗപ്പെടുത്തി ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശനം, വേൾഡ് മാപ്പ്, ഇന്ത്യ, കേരള മാപ്പ് പ്രദർശനം | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി. ടി. എ |
| 8. സ്കോളർഷിപ്പ് പരീക്ഷകളിൽ കുട്ടികളെ സജ്ജരാക്കുന്നതിന് | NMMS സ്കോളർഷിപ്പ് പരീക്ഷക്ക് കുട്ടികളെ സജ്ജമാക്കുന്നതിന് സാമൂഹ്യശാസ്ത്രമേഖലകളിൽ കേന്ദ്രീകരിച്ച് തുടർ പരിശീലനം നൽകുന്നു | ആദ്യം സം തുടർച്ചയായി | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി. ടി. എ |
| 9. പ്രാദേശിക വിഭവ ഭൂപട നിർമ്മാണം | * സാമൂഹ്യശാസ്ത്ര പഠന പരിപോഷണത്തിന് അനിവാര്യമായ വ്യക്തികൾ, സ്ഥാപനങ്ങൾ,സ്ഥലങ്ങൾ എന്നിവ കണ്ടെത്തി പ്രാദേശിക വിഭവ ഭൂപടം തയ്യാറാക്കുന്നു. | പാഠാനുബന്ധപ്രവർത്തന കാലയളവിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | ക്ലബ്ബംഗങ്ങൾ |
| 10. ഭൂപട വായന കുട്ടികളിൽ വളർത്തുക | ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ | വർഷം മുഴുവനും | സാമൂഹ്യശാ | പി. ടി. എ |
| സ്ഥല നിർണയം നടത്താനുള്ള കഴിവ് പര്യാപ്തമാക്കുക | പഠിക്കാൻ സഹായിക്കുന്നു. ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നു. അറ്റ്ലസ് മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | | സ്ത്ര അധ്യാപകർ | |

# മേഖല – ഹൈസ്കൂൾ -ഗണിതം

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ആശയ ധാരണ കൈവരിക്കൽ | ഒപ്പത്തിനൊപ്പം, പ്രീടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ ആദ്യവാരം | അധ്യാപകർ,പിന്നോക്കം നിൽക്കുന്ന കുട്ടികൾ | സ്റ്റാഫ് ഫണ്ട് |
| 2 | നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെൻറ് ബോക്സ് ലഭ്യത,ശിൽപ്പശാലകൾ | തുടർപ്രവർത്തനം | അധ്യാപകർ | പി.ടി.എ |
| 3 | ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ,അളവുകൾ ഇവ പരിചയപ്പെടൽ | ശിൽപ്പശാല നടത്തുന്നു ക്ലബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ ,ഗണിത ക്ലബ് | ഗണിത ക്ലബ് പി.ടി.എ |
| 4 | സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർപ്രവർത്തനം | അധ്യാപകർ,സംഘ തലവൻ | അധ്യാപകർ രക്ഷിതാക്കൾ |
| 5 | അധ്യാപകർ കാലാനുസൃതമായി ചെറിയ ക്ലാസ് മുതലുള്ള തുടർപഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു | വിഷയസമിതിയുടെ മികച്ച പ്രവർത്തനം ചർച്ചകൾ,പാഠാനുസൃതണംതുടങ്ങിയ കൂട്ടായ പ്രവർത്തനങ്ങൾ | അക്കാദമികവർഷംതുടർപ്രവർത്തനം | വിഷയ സമിതി കൺവീനർ മുതിർന്ന അധ്യാപകർ | അധ്യാപകർ പി.ടി.എ |
| 6 | ഗണിതമേള വേദിയിലേക്ക്: മേളകളിൽ ഊർജസ്വലത കൈവരിക്കൽ | ഗണിത ക്ലബ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ. മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | ക്ലബ് സെക്രട്ടറി അധ്യാപകർ പി.ടി.എ | ഗണിത ക്ലബ് രക്ഷിതാക്കൾ അധ്യാപകർ |
| 7 | ഗണിത ലാബ് | ശിൽപ്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ | മെയ് /ജൂൺ | ക്ലബ് സെക്രട്ടറി അധ്യാപകർ,പി ടി.എ | ഗണിത ക്ലബ് |
| 8 | രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പി.ടി.എ നടത്തുന്നു | എല്ലാ അധ്യാപകരും | അധ്യാപകർ,HM,പി.ടി.എ,പ്രസിഡൻറ് | പി.ടി.എ |

# മേഖല-ഹൈസ്കൂൾ-ഭൗതികശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠന പിന്നോക്കവസുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അധ്യാപകൻ-കുട്ടി, കുട്ടി-കുട്ടി എന്നിങ്ങനെ രണ്ടുതലത്തിൽ പരിശീലനം | ആഴ്ചയിൽ രണ്ടുദിവസം | SRG, സയൻസ് ടീച്ചർ | |
| ശാസ്ത്ര മാസിക ശാസ്ത്ര പതിപ്പ് തയാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്ര മാസിക, ശാസ്ത്ര പതിപ്പ് എന്നിവ തയ്യാറാക്കൽ | ആറുമാസത്തിലൊരിക്കൽ | എസ് ആർ ജി, സയൻസ് ടീച്ചർ | |
| ചോദ്യപേപ്പർ, ക്ലാസ് തല ശില്പശാല സംഘടിപ്പിക്കാൻ | തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ ഉപയോഗപ്പെടുത്തി ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിച്ചു, ചോദ്യശേഖരണം തയ്യാറാക്കൽ | മൂന്ന് മാസം | എസ്. ആർ ജി, സയൻസ് ടീച്ചർ | |
| കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തൽ | • ശാസ്ത്ര തത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളി | വർഷത്തിൽ ഒരുതവണ | സയൻസ് ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| | ലൂടെയുള്ള കുട്ടികളുടെ അവതരണം, പരിക്ഷണ കളരി, പരിക്ഷണങ്ങൾ പൊതുസമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കൽ<br>• സ്കൂൾതല സയൻസ് എക്സസിബിഷൻ<br>• ഗവേഷണക പ്രോജക്ട് ഏറ്റെടുത്തുള്ള പഠനം ഗവേഷണക പ്രോജക്ട് ഏറ്റെടുത്തുള്ള പഠനം(സർവ്വേ) , അഭിമുഖം,നിരീക്ഷണം | ആവശ്യമുള്ള സന്ദർഭങ്ങളിൽ | സയൻസ് ക്ലബ് | |
| ശാസ്ത്രമേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തൽ | • മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ | ഒരു വർഷത്തിൽ മൂന്നുമാസം | സയൻസ് ക്ലബ്ബ് | |
| ശാസ്ത്ര ലാബ് നവീകരണം ശാസ്ത്ര ലാബിനെ കാലാനുസൃതമായ നവീകരിക്കൽ | • ഫിസിക്സ് കെമിസ്ട്രി ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം-പ്രത്യേകം സജ്ജീകരിക്കൽ | ജനുവരി മുതൽ ഒരു മാസം | സയൻസ് ടീച്ചേർസ് | |
| ആയൂർരേഖ പരിസ്ഥിതി സൗഹൃദം മനോഭാവം വളർത്തുക | • കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുന്നു | അക്കാദമിക വർഷം | സയൻസ് ടീച്ചേഴ്സ് | |

## മേഖല -ഹൈസ്കൂൾ സയൻസ് -ഫിസിക്കൽ സയൻസ്

## ഉപമേഖല -കെമിസ്ട്രി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. പഠന പിന്നാക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അധ്യാപകൻ-കുട്ടി, കുട്ടി-കുട്ടി (peer group) എന്നിങ്ങനെ രണ്ടു തലങ്ങളിൽ പരിശീലനം | രസതന്ത്ര ക്ലാസുകളിലും, substitute periods ലും (ആഴ്ചയിൽ 2 ദിവസം) | Teacher | ------------ |
| 3)ഹൈടെക് വേൾഡ് :<br>• ശാസ്ത്രമാസിക<br>• ശാസ്ത്രപതിപ്പ്<br>• ശാസ്ത്രപുസ്തകം പരിചയപ്പെടുത്തൽ | • സമയബന്ധിതമായി രസതന്ത്രവുമായും മറ്റു ശാസ്ത്ര വിഷയങ്ങളുമായി ബന്ധപ്പെട്ട മാസികകൾ (ഡൈജസ്റ്റ്, യുറീക്ക, ശാസ്ത്ര ലോകം, പഠിപ്പുര, കുട്ടി കോം...) ക്ലാസുകളിൽ കുട്ടികൾ | ഓരോ ക്ലാസിലും ആഴ്ചയിൽ രണ്ടുദിവസം | Teacher | സയൻസ് അധ്യാപകർ |

| | | | | |
|---|---|---|---|---|
| | പരിചയപ്പെടുത്തുന്നു.<br>• ഇതുമായി ബന്ധപ്പെട്ടു കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കുന്നു. ഇത് ശേഖരിച്ച് ശാസ്ത്ര പതിപ്പ് തയാറാക്കുന്നു.<br>• കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ, കഥകൾ- ഇവ ഉപയോഗപ്പെടുത്തി ശാസ്ത്ര മാസിക തയ്യാറാക്കുന്നു. | | | |

| | | | | |
|---|---|---|---|---|
| 3) ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിക്കൽ | • തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ ഉൾപ്പെടുത്തി, ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിച്ച് ചോദ്യശേഖരം തയ്യാറാക്കൽ.<br>• ഈ ചോദ്യങ്ങൾ എല്ലാ കുട്ടികളുടെ എത്തിക്കാനുള്ള ചുമതല കുട്ടികളെ ഏൽപ്പിക്കുന്നു.<br>• കുട്ടികൾ പരസ്പരം ഇവ കൈമാറി വിഷയത്തെപ്പറ്റിയുള്ള അറിവ് വർദ്ധിപ്പിക്കുന്നു. | ഓരോ term ലും ഒരു തവണ വീതം. | SRG, രസതന്ത്ര അധ്യാപിക, കുട്ടികൾ | PTA |

Created with nitro PDF professional
download the free trial online at nitropdf.com/professional

| | | | | |
|---|---|---|---|---|
| ഗെയിമിഫൈഡ് ലേണിംഗ് | • കെമിസ്ട്രി ക്ലാസുകൾ വിരസമാകാതിരിക്കാൻ പാഠഭാഗത്തെ കുട്ടികൾക്ക് താല്പര്യമുള്ള കഥ,കവിത എന്നിങ്ങനെ അവതരിപ്പിക്കൽ<br>• കുട്ടികൾ തന്നെ ഗെയിമിഫൈട് ലേണിംഗ് സാധ്യതകൾ കണ്ടെത്തി രസതന്ത്ര ക്ലാസുകളിൽ അവതരിപ്പിക്കൽ | സാധ്യമായ രസതന്ത്രക്ലാസുകളിലെല്ലാം | കുട്ടികൾ, രസതന്ത്ര അധ്യാപക | രസതന്ത്ര അധ്യാപക |
| നേരറിവ് നേടൽ<br>• സയൻസ് & ടെക്നോളജിയിലെ പുതിയ അറിവുക | • പുതുപുത്തൻ സാങ്കേതികവിദ്യയും, പുത്തൻ കണ്ടത്തി | അക്കാദമിക വർഷം ഉടനീളം | പിടിഎ, മാനേജ്മെന്റ്, സയൻസ് | പിടിഎ, അധ്യാപകർ |

| | | | | |
|---|---|---|---|---|
| ൾ ആശയങ്ങൾ എന്നിവ പങ്കുവയ്ക്കാൻ കുട്ടികൾക്ക് അവസരം നൽകൽ | ലും പരിചയപ്പെടുത്തുന്നു. • ക്വിസ്, സെമിനാർ, പ്രോജക്ടുകൾ ഇവയിൽ പങ്കെടുക്കുന്നു. • ശാസ്ത്രകാരന്മാരുമായി സംവദിക്കാനുള്ള അവസരം പ്രയോജനപ്പെടുത്തുന്നു. | | ടീച്ചേഴ്സ് | |
| ശാസ്ത്രലോകത്തേക്ക് : • ബഹിരാകാശ വാരം ആഘോഷിക്കൽ. • ഐഎസ് ആർഓ-യുടെ നേട്ടങ്ങൾക്ക് പിന്നിലുള്ള | • ശാസ്ത്രമേളകളിൽ പങ്കെടുക്കാനുള്ള താല്പര്യം കുട്ടികളിൽ വളർത്തുന്ന തരത്തിലുള്ള ചർച്ചകൾ നടത്തുന്നു • ക്ലാസുകളിൽ അവതരി | ഒക്ടോബർ 4 മുതൽ 10 വരെ<br>ശാസ്ത്രമേള സ്കൂൾ സബ്ജില്ലാ ജില്ലാതലം | മാനേജ്മെന്റ്, PTA, സർജി, സയൻസ് ടീച്ചേഴ്സ്, കുട്ടികൾ | മാനേജ്മെന്റ്, PTA |

| | | | | |
|---|---|---|---|---|
| ശാസ്ത്രജ്ഞരുടെ സംഭാവനകൾ അറിയാനുള്ള അവസരം പ്രയോജനപ്പെടുത്തൽ.<br>• YIP, ഇന്നോവേറ്റീവ് സയൻസ് പ്രോഗ്രാംസ് ഇവയിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുക | പ്പിക്കുന്ന മികച്ച ശാസ്ത്ര അറിവുകളെ സ്കൂൾ അസംബ്ലിയിലും മറ്റും അവതരിപ്പിക്കാനുള്ള അവസരം കുട്ടികൾക്ക് നൽകുന്നു<br>• നൂതന ശാസ്ത്രാശയങ്ങൾ പങ്കുവയ്ക്കാനുള്ള കുട്ടികളുടെ അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നു | | | |
| അത്ഭുത കണ്ണിലൂടെ:<br>• രസതന്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട | • ആറ്റം മോഡൽ, ഇലക്ട്രോണിക് കോൺഫിഗറേഷൻ, | ഒരു വർഷം | സയൻസ് അധ്യാപകർ, കുട്ടികൾ | സയൻസ് അധ്യാപകർ |

| | | | | |
|---|---|---|---|---|
| മോഡലുകളുടെ നിർമ്മാണം.<br>• കുട്ടികളെ ശാസ്ത്ര-അഭിരുചി വളർത്തൽ.<br>• ശാസ്ത്ര ലാബ് നവീകരണം. | പീരിയോഡിക് ടേബിൾ തുടങ്ങിയ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട മോഡലുകൾ കുട്ടികൾ നിർമ്മിക്കുന്നു.<br>• ശാസ്ത്ര തത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെ കുട്ടികൾക്ക് അവതരിപ്പിക്കാനുള്ള അവസരം നൽകൽ.<br>• ഫിസിക്സ് ,കെമിസ്ട്രി, ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റും പ്രത്യേകം | | | |

| | | | | |
|---|---|---|---|---|
| | സജ്ജീകരിക്കൽ. | | | |
| **Outdoor Science Park** | • കുട്ടികൾ ചെയ്ത പരീക്ഷണ കുറിപ്പുകൾ, മോഡലുകൾ, ചിത്രങ്ങൾ, ചാർട്ടുകൾ, ശാസ്ത്രമാഗസികകൾ, ശാസ്ത്ര പതിപ്പുകൾ തുടങ്ങിയവ പ്രദർശിപ്പിക്കാനുള്ള വേദി, സ്കൂളിൽ, ക്ലാസിന് പുറത്തായി സംഘടിപ്പിക്കുന്നു ചുമതലകൾ കുട്ടികൾക്ക് വിഭജിച്ചു നൽകുന്നു | വർഷത്തിൽ ഒരുതവണ | പിടിഎ, സയൻസ് അധ്യാപകർ, കുട്ടികൾ | പിടിഎ, സയൻസ് അധ്യാപകർ |

അക്കാദമിക് മാസ്റ്റർ പ്ലാൻ

ഹൈസ്കൂൾ : ജീവശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തുക. | ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.<br>ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുക<br><br>മേളകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ.<br><br>വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാനുള്ള അവസരം നൽകുന്നു | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം ഒരു തവണ | സയൻസ് ക്ലബ്ബ് | എസ്.ആർ.ജി<br><br>സയൻസ് ക്ലബ്ബ് |
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. | തണൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ.<br><br>ഉള്ള സൗകര്യത്തിൽ ഔഷധത്തോട്ടം പച്ചക്കറിത്തോട്ടം എന്നിവ നിർമ്മിക്കൽ<br><br>. കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുന്നു.<br><br>ആരോഗ്യ പരിശീലനങ്ങൾ | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| ശാസ്ത്രവുമായി | ശാസ്ത്ര മാസിക | അക്കാദമിക | സയൻസ് | സയൻസ് ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| ബന്ധപ്പെട്ട നൂതന ആശയങ്ങൾ കുട്ടികളിൽ എത്തിക്കുക | നിർമ്മാണം<br><br>ശാസ്ത്ര രംഗത്ത് ഉണ്ടാകുന്ന ഏറ്റവും പുതിയ അറിവുകൾ ഉൾപ്പെടുത്തി ശാസ്ത്ര പുസ്തകം നിർമ്മാണം<br><br>നൂതന ആശയങ്ങൾ ഉൾപ്പെടുത്തി വാൾ മാഗസിൻ തയ്യാറാക്കൽ | വർഷം | അധ്യാപകർ | |
| ജൈവവൈവിധ്യ ഉദ്യാനം<br><br>ഐസിടി അധിഷ്ഠിത ശാസ്ത്ര പഠനം | സ്കൂളിന്റെ സ്ഥല പരിമിതികളിൽ നിന്നുകൊണ്ട് ജൈവ വൈവിധ്യ ഉദ്യാനം നിർമ്മിക്കുന്നു<br><br>ആധുനിക സങ്കേതങ്ങളായ പഠന വിഭവ സിഡികൾ, വെബ്സൈറ്റുകൾ, പോർട്ടലുകൾ, നവമാധ്യമങ്ങൾ, മൊബൈൽ ഫോൺ, ഇന്റർനെറ്റ് സംവിധാനങ്ങൾ, Interactive classroom എന്നിവ ഉപയോഗപ്പെടുത്തുന്നു | ജൂലൈ മുതൽ ഫെബ്രുവരി വരെ<br><br>അക്കാദമിക വർഷം | സയൻസ് ക്ലബ്ബ്<br><br>സയൻസ് അധ്യാപകർ | എസ്.ആർ.ജി<br><br>പിടിഎ<br><br>സയൻസ് അധ്യാപകർ |
| | | | | |

## മേഖല – ആർട്ട് എഡ്യൂക്കേഷൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ സർഗാത്മകത പ്രോത്സാഹിപ്പിക്കുന്നതിനുംകുട്ടികളുടെ സർഗാത്മകത വളർത്തുന്നതിനും സാമൂഹിക സന്ദേശങ്ങൾ മറ്റുള്ളവരിലേക്ക് പ്രചരിപ്പിക്കുന്നതിനും | ചിത്രപ്രദർശനം | അക്കാദമിക വർഷം | ചിത്രകല അധ്യാപകർ | അധ്യാപകർ |
| ലഹരി ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന മാരക പ്രശ്നങ്ങൾ ചിത്രരചനയിലൂടെ സമൂഹത്തിന് അവബോധം ഉണ്ടാക്കുക | പോസ്റ്റർ രചന മത്സരം | ജൂൺ | ചിത്രകല അധ്യാപകർ | അധ്യാപകർ |
| മഹാരാഷ്ട്രയിലെ ഗോത്ര വിഭാഗത്തിന്റെ കലകളെ കുട്ടികൾക്ക് പരിചയപ്പെടുത്തുക കുട്ടികൾക്ക് പരിചയപ്പെടുത്തുക | വാർലി ആർട്ട് എക്സിബിഷൻ | ജൂലൈ | ചിത്രകല അധ്യാപകർ | അധ്യാപകർ |
| ആർട്ടിഫിഷൽ ഇന്റലിജൻസ് ഉപയോഗിച്ചുള്ള ചിത്രനിർമാണം | ഓണത്തെ സംബന്ധിച്ചുള്ള ചിത്രനിർമാണം | സെപ്റ്റംബർ | ചിത്രകല അധ്യാപകർ | അധ്യാപകർ |
| ആനിമേഷനെ കുറിച്ച് കൂടുതൽ അറിവ് നേടുക | ആനിമേഷൻ എക്സ്പർട്ട് ക്ലാസ് | നവംബർ | ചിത്രകല അധ്യാപകർ | അധ്യാപകർ |
| ഡിജിറ്റൽ പെയിന്റിംഗ് സ്കിൽ വർദ്ധിപ്പിക്കുക | ക്രിസ്മസ് ഡിജിറ്റൽ പെയിന്റിംഗ് | ഡിസംബർ | ചിത്രകല അധ്യാപകർ | അധ്യാപകർ |
| ദേശസ്നേഹം | പേപ്പർ ഫ്ലാഗ് മേക്കിങ് | ജനുവരി | ചിത്രകല അധ്യാപകർ | അധ്യാപകർ |

| ക്രമനമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|---|---|
| 1 | കാർഷിക മേഖലയിലെ വിവിധ നൂതന സാങ്കേതിക വിദ്യകളെ കുറിച്ച് മനസ്സിലാക്കുക | വിവിധതരം പച്ചക്കറികൃഷി, അലങ്കാര ചെടിവച്ച് പിടിപ്പിക്കൽ, ബൊക്കെ നിർമ്മാണം | ജൂൺ ജൂലൈ ഓഗസ്റ്റ് | വർക്ക് ഇന്റഗ്രേറ്റഡ് എഡ്യൂക്കേഷൻ | 3000 | പിടിഎ, എസ് ആർ ജി |
| 2 | പാഴ്‌വസ്തു പരിപാലനത്തിലൂടെ കരകൗശല വസ്തുക്കളുടെ നിർമ്മാണം | പ്ലാസ്റ്റിക് മാലിന്യത്തിനെതിരെയുള്ള സാമൂഹ്യ പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളിയാക്കുന്നു. ഉപയോഗശൂന്യമായ വസ്തുക്കൾ നിന്നും ഉപയോഗ യോഗ്യമായ വസ്തുക്കളുടെ നിർമ്മാണം | സെപ്റ്റംബർ ഒക്ടോബർ നവംബർ | വർക്ക് ഇന്റഗ്രേറ്റഡ് എഡ്യൂക്കേഷൻ | 2000 | പിടിഎ, എസ് ആർ ജി, വർക്ക് എഡ്യൂക്കേഷൻ ടീച്ചർ |
| 3 | വ്യത്യസ്ത വസ്തുക്കളെ കൂട്ടിയിണക്കി പുതിയതരം മോഡലുകൾ രൂപപ്പെടുത്താൻ സാധിക്കുക. ഓരോ വസ്തുവിനും അനുയോജ്യമായ അളവുകൾ ഉണ്ടെന്ന് മനസ്സിലാക്കുക. വിദ്യാർത്ഥികളിൽ തൊഴിൽ പരിചയവും സമൂഹപരമായ ശുചിത്വ ബോധം വളർത്തൽ | ക്ലാസ് അനുസരിച്ചുള്ള പ്രവർത്തന നിർദേശം. പ്രവർത്തനങ്ങൾക്ക് വേണ്ട മാർഗനിർദേശം. ഡോക്യുമെന്റേഷൻ. ആഭരണങ്ങൾ തൊപ്പി കുട തുടങ്ങിയവയുടെ നിർമ്മാണം. | ഡിസംബർ ജനുവരി ഫെബ്രുവരി | വർക്ക് ഇന്റഗ്രേറ്റഡ് എഡ്യൂക്കേഷൻ | 4000 | പിടിഎ, എസ് ആർ ജി, വർക്ക് എഡ്യൂക്കേഷൻ ടീച്ചർ |

മേഖല- ഫിസിക്കൽ എഡ്യൂക്കേഷൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കുട്ടികളുടെ മാനസികാരോഗ്യം വർദ്ധിപ്പിക്കുന്നതിന് | 8 9 ക്ലാസിലെ കുട്ടികൾക്ക് യോഗ പരിശീലനം | ജൂൺ | കായിക അധ്യാപകർ യോഗ ട്രെയിനർ |
| കുട്ടികളുടെ കായിക ശേഷി മാനസിക ഉല്ലാസം വർദ്ധിപ്പിക്കൽ | ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഫുട്ബോൾ നെറ്റ് ബോൾ ഹോക്കി അത്‌ലറ്റിക്സ് തുടങ്ങിയവയിൽ പരിശീലനം. സംസ്ഥാനതല ദേശീയ തല മത്സരങ്ങളിൽ മികവുപുലർത്താനുള്ള പരിശീലനം | അക്കാദമിക വർഷം | കായിക അധ്യാപകർ |
| കുട്ടികളുടെ കായിക ശേഷി മാനസിക ഉല്ലാസം എന്നിവ വർദ്ധിപ്പിക്കൽ | 8 9 10 ക്ലാസിലെ തുടങ്ങിയവയിൽ പരിശീലനം കുട്ടികൾക്ക് പരിശീലനം | ജൂൺ മുതൽ ഡിസംബർ വരെ | കായികാധ്യാപകർ |

# മാസ്റ്റർ പ്ലാൻ

## DVHSS Thalavoor

**Subject : Arabic**

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം |
|---|---|---|---|
| ലോകഭാഷകളിൽ മൂന്നാം സ്ഥാനത്തു നിൽക്കുന്ന അറബി ഭാഷ പഠിക്കാനും ഒഴുക്കോടെ സംസാരിക്കാനുമുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക .<br><br>കരിക്കുലം ലക്ഷ്യം വെക്കുന്ന അറബിഭാഷ പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പ് വരുത്തുക. | 1. മികവിന്റെ വഴിയിൽ<br>➤ പ്രൈമറി ക്ലാസ് മുതൽ ഭാഷ ശേഷികളിലൂടെ വളർച്ച ഉറപ്പുവരുത്തുക<br>➤ മുന്നറിവ് പരിശോധിക്കൽ<br>➤ അക്ഷരങ്ങൾ ഉറപ്പിക്കൽ<br>➤ വാചകങ്ങൾ നിർമ്മിക്കാൻ<br>➤ ഭാഷ കളികൾ | 2 months | പുസ്തകങ്ങൾ ,വർക്ക് ഷീറ്റുകൾ ,<br><br>സീഡികൾ |
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷ ശേഷി വർധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് റൂമുകളിൽ ഒരുക്കുക .<br><br>വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഭാഷ പഠന നേട്ടങ്ങളിലൂടെ ഉറപ്പുവരുത്തുക .<br><br>ഭാഷ പഠനത്തിൽ ഐ ടി യുടെ സാധ്യത | 2. വായനാവസന്തം<br>➤ വായന മത്സരം<br>➤ ക്ലാസ് ലൈബ്രറി<br>➤ സ്കൂൾ ലൈബ്രറി<br>➤ വാട്സ്ആപ്പ് ഗ്രൂപ്പ് (ഇ-വായന)<br>➤ വായന കുറിപ്പുകൾ<br>➤ അറബിക് പത്രവായന റേഡിയോ | 6 months | പത്രങ്ങൾ<br><br>മാഗസിനുകൾ<br><br>പുസ്തകങ്ങൾ<br><br>സ്കൂൾ ലൈബ്രറി |

Created with nitro PDF professional
download the free trial online at nitropdf.com/professional

| | | | |
|---|---|---|---|
| പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക .<br><br>സർഗ്ഗ കഴിവുകൾ ഭാഷ പഠനത്തിലൂടെ വികസിപ്പിക്കുക | 3. എഴുത്തുത്സവം<br>➢ എഴുത്തുകൂട്ടം<br>➢ പതിപ്പുകളുടെ നിർമ്മാണം<br>➢ വായന കുറിപ്പ് ശേഖരണം<br>➢ ഇന്റർനെറ്റ് മാഗസിൻ<br>➢ ചുമർ പത്രങ്ങൾ , പോസ്റ്ററുകൾ<br>➢ ഭാഷ കളികൾ<br><br>4. അറബിക് കമ്മ്യൂണിക്കേഷൻ<br>➢ ആശയ വിനിമയ വേദി ക്ലാസ്സ്തലം സ്കൂൾ തലം<br>➢ മൊബൈൽ ലിസണിങ് സ്പീക്കിങ്<br>➢ യാത്രകൾ<br>➢ അറബിക് മേള (നാടകം , മോണോആക്ട് അറബിക് )<br>➢ ഭാഷ കളികൾ അറബിക് അസംബ്ലി<br>➢ ഭാഷ പ്രദർശനം<br>➢ ഭാഷ ക്ലബ് | 12 months | അസംബ്ലി<br><br>ചാർട്ടുകൾ<br><br>പത്രങ്ങൾ<br><br>ഐ ടി സി<br><br>പുസ്തകങ്ങൾ<br><br>സീഡികൾ |
| | 5. ലാംഗ്വേജ് ലാബ്<br>➢ സ്മാർട്ട് ക്ലാസ്സ്റൂം<br>➢ അറബി ഭാഷ സാഹിത്യ ശേഖരങ്ങൾ<br>➢ ചിത്രീകരണങ്ങൾ<br>➢ സിനിമ<br>➢ അനിമേഷൻ<br>➢ സോഷ്യൽമീഡിയ ആക്ടിവിറ്റീസ് | 36 months | |

# മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ വിനിമയം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം:**<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി:**<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:**<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ശീലം വളർത്തുക. | **വാർത്താലോകത്തേക്ക്:**<br>പത്രം, ആഴ്ച്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |

# മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **വാർത്താവായന:** നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | **സംവാദം/മുഖാമുഖം:** സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | പി.ടി.എ |
| 4) മലയാളം കമ്പ്യൂട്ടിങ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും. | **ഇ-കമ്പ്യൂട്ടിങ്:** മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടിങ് പരിശീലിപ്പിക്കുകയും ഇ - മാസിക പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | മലയാളം, ഐ.ടി. അധ്യാപകർ | മലയാളം ക്ലബ്ബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | **രംഗാവിഷ്കാരം:**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br>വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പി.ടി.എ, സ്കൂൾ | പി.ടി.എ |
| 6) കുട്ടികളുടെ ആകാശവാണി സെന്റ് മേരീസ് എഫ്.എം. അവതരണമികവ്. | **സെന്റ് മേരീസ് എഫ് എം.**<br>വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>ഓരോ ആഴ്ചയിലെയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | തുടക്കത്തിൽ ആഴ്ചയിൽ ഒന്ന്, പിന്നീട് എല്ലാദിവസവും | ക്ലാസ് ലീഡർമാർ, സ്കൂൾ ലീഡർ, മലയാളം അധ്യാപകർ | വിവിധ ക്ലബ്ബുകൾ, പി.ടി.എ |

മേഖല - UP English

| Sl No | Aim | Programes | Time Period | Duty | Financial |
|---|---|---|---|---|---|
| 1. | To communicate fluently in English | Discuss various English journals,Promoting newspaper, Short story's reading,Promoting to Speak English only in communicating time. | June | English teacher | English Teacher |
| 2. | Help learners to build confidence,fluency & accuracy in English speaking | Conversation partners - Pair of learners with a language exchange partner for regular conversation in english and slow pace learners will be paired up with students who are willing to help them. | July | English club | English teacher |
| | | 2. Audio recording- Recording English news, Audio books & discuss them. | August | English teacher | |
| | | 3 . Follow My command- Try to Encourage | September | English teacher | |

Created with nitroPDF professional
download the free trial online at nitropdf.com/professional

| | | | | | |
|---|---|---|---|---|---|
| | | the learners to follow the teacher's instructions in English | | | |
| 3. | Help learners to attain writing skills | 1 . Creative writing - Write short stories,poetry or fiction..<br><br>2 . Copy writing<br><br>3. Grammar exercises- Complete grammar worksheets | Every two days in a week<br><br>Every three days in a week<br><br>English period | English teacher<br><br>English teacher<br><br>English teacher | English teacher |
| 4. | Help learners to enhance reading comprehension and vocabulary. | 1 . Set reading goals- Challenge learners to read a certain number of books or articles.<br><br>2 . Vocabulary games - Note unfamiliar words and look up their meanings.<br><br>3 . Read aloud - Practice reading aloud to Improve fluency..<br><br>4 . Peer review - Help slow learners | Class room activities. | English teacher | English teacher |

| | | | | | |
|---|---|---|---|---|---|
| | | to get motivated by peer reviewers | | | |
| 5 . | Try to Make an effective English learning experience | Access online resources such as e-books and educational websites to improve language skills such as listening, speaking, reading & writing. | Class room activities | English teacher | English Club |

| | | | | | |
|---|---|---|---|---|---|
| 3 | **ആശയങ്ങൾ തെറ്റുകൂടാതെ** പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം. (സുരീലി ഹിന്ദി) | • ദിനാചരണങ്ങൾ (പ്രത്യേകിച്ച് സെപ്റ്റംബർ 14, ജനുവരി 10)<br>• ക്ലാസ് ലൈബ്രറി<br>• അധികവായന സാമഗ്രികൾ<br>• ചിത്രസഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>• ചിത്രം-അടിക്കുറിപ്പ്<br>• ചിത്രം-കഥ പറയൽ<br>• ചിത്രം-കഥ എഴുതൽ<br>• കഥ ബാക്കിഎഴുതൽ<br>• വായനമൂല<br>• ഹിന്ദിക്ലബ്ബ് പ്രവർത്തനങ്ങൾ | November to February. | പുസ്തകങ്ങൾ | PTA, Resource Teacher |
| | | | | | |

മേഖല യുപി സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1.സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാന തല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ. | **അങ്കത്തട്ട് :- കളിയിൽ നിന്ന് കാര്യത്തിലേക്ക്** സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പഠിതാവിന്റെ അടിസ്ഥാന അറിവുകൾ പരിശോധിക്കുന്നതിന് പ്രഹേളികകൾ നൽകുന്നു | അക്കാദമി വർഷാരംഭം ജൂൺ | സാമൂഹിക ശാസ്ത്ര അധ്യാപകർ | |
| | **ഓർമ്മച്ചെപ്പ്:-** അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള ഭൂപ്രകൃതി, സ്മാരകങ്ങൾ, വ്യക്തികൾ എന്നിവയെ കുറിച്ചുള്ള മെമ്മറി ടെസ്റ്റ് | അക്കാദമിക വർഷാരംഭം ജൂൺ | സാമൂഹിക ശാസ്ത്ര അധ്യാപകർ | |
| 2.പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കൽ | **വെർച്വൽ ഫീൽഡ് ട്രിപ്പ്:-** ഐസിടി സാധ്യതകൾ ഉപയോഗിച്ചുകൊണ്ട് ഒരു വെർച്വൽ ഫീൽഡ് ട്രിപ്പ് നടത്തി കുട്ടികൾക്ക് ചരിത്രസ്മാരകങ്ങളെ കുറിച്ചും മറ്റുമുള്ള ഒരു അവബോധം നൽകുക. | അക്കാദമിക വർഷാരംഭം | സാമൂഹിക ശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 3. പാഴ് വസ്തുക്കൾ കൊണ്ടുള്ള നിർമ്മാണം | **പാഴ് വസ്തുവിൽ നിന്ന് പുനരുപയോഗത്തിലേക്ക്:-** പീലിയുടെ ഗ്രാമം എന്ന പാഠത്തെ ആസ്പദമാക്കി പാഴ് വസ്തുക്കൾ ഉപയോഗിച്ചു കൊണ്ടുള്ള കരകൗശല വസ്തുക്കളുടെ നിർമ്മാണം | അക്കാദമിക വർഷം | സാമൂഹിക ശാസ്ത്ര അധ്യാപകർ | |
| 4.വിവിധതരം ഭക്ഷണങ്ങളെക്കുറിച്ച് ഭക്ഷണരീതികളെക്കുറിച്ചും ഭക്ഷണത്തിന്റെ നാൾവഴിയെക്കുറിച്ചും അവബോധം ഉണ്ടാക്കിയെടുക്കുക | **ഭക്ഷ്യമേള** :- ഒരു ഭക്ഷ്യമേള നടത്തി വിവിധതരം ഭക്ഷണങ്ങളെക്കുറിച്ച് കുട്ടികൾക്ക് ഒരു അവബോധം ഉണ്ടാക്കി നൽകുക | അക്കാദമിക വർഷം | സാമൂഹിക ശാസ്ത്ര അധ്യാപകർ | |
| 5.ജനാധിപത്യപരമായ ഒരു ജീവിത സമൂഹ സമീപനം രൂപപ്പെടുത്തിയെടുക്കുക | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്:-** ഗ്രാമസഭ, വാർഡ്സഭ മുതലായ ജനാധിപത്യപരമായ വേദികളിൽ മുതിർന്നവരോടൊപ്പം പങ്കെടുക്കുക | അക്കാദമിക വർഷം | സാമൂഹിക ശാസ്ത്ര അധ്യാപകർ | |
| 6. ഇലക്ഷൻ പ്രക്രിയയെ കുറിച്ച് | **ജനാധിപത്യം ക്ലാസ്സ് മുറിയിൽ:-** | അക്കാദമിക വർഷം | സോഷ്യൽ സയൻസ് ക്ലബ് | |

| | | | | |
|---|---|---|---|---|
| കുട്ടികൾക്ക് അവബോധം നൽകുക | ഒരു മാതൃക ഇലക്ഷനിലൂടെ ക്ലാസ്സ് ലീഡറി തിരഞ്ഞെടു ത്ത് ജനാധിപത്യ പ്രക്രിയയെക്കു റിച്ച് കുട്ടികളിൽ അവബോധം ഉണ്ടാക്കിയെടു ക്കുക | | | |
| 7.പ്രകൃതിദുര ന്തങ്ങളെക്കുറി ച്ച് അപബോധം ഉണ്ടാക്കുന്നതി നും രക്ഷാപ്രവർത്ത നങ്ങളിൽ ഏർപ്പെടുന്നതി നുള്ള പരിശീലനം | **പ്രകൃതി താണ്ഡവം :-** പ്രകൃതി ദുരന്തങ്ങളായ ഭൂകമ്പം സുനാമി വെള്ളപ്പൊക്കം മുതലായവനെ കുറിച്ച് കുട്ടികൾക്ക് അറിവ് പകരുന്നതിനും രക്ഷാപ്രവർത്ത നങ്ങളിൽ ഏർപ്പെടുന്നതി നുള്ള പരിശീലനം നൽകുക | അക്കാദമിക വർഷം | സോഷ്യൽ സയൻസ് ക്ലബ് | |
| 8.വിവരസാങ്കേ തവിദ്യയുടെ ദൂഷ്യഫലങ്ങളെ കുറിച്ചും സൈബർ കുറ്റകൃത്യങ്ങ ളെ കുറിച്ചും കുട്ടികൾക്ക് അവബോധം വളർത്തുക | **ചിലന്തിവല** :- സാമൂഹ്യശാ സ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തി ൽ വിവരസാങ്കേ തിക വിദ്യയുടെ ദൂഷ്യവശങ്ങളെ ക്കുറിച്ചും സൈബർ കുറ്റകൃത്യങ്ങ ളെ കുറിച്ചും പോലീസ് വകുപ്പുമായി സഹകരിച്ച് കുട്ടികൾക്ക് | അക്കാദമിക വർഷം | സോഷ്യൽ സയൻസ് ക്ലബ് | |

| | | | | |
|---|---|---|---|---|
| | നൽകുക | | | |
| 9.തൊഴിലധിഷ്ഠിത വിദ്യാഭ്യാസം | **പഠനവും തൊഴിലും:-** വസ്ത്രത്തിന്റെ നാൾവഴികൾ എന്ന പാഠഭാഗത്തെ അടിസ്ഥാനമാക്കി തൊഴിൽ ഉദ്ഗ്രഥ വിദ്യാഭ്യാസവുമായി ചേർന്ന് കുട്ടികൾക്ക് വസ്ത്രവുമായി ബന്ധപ്പെട്ട് എംബ്രോയിഡറി മുതലായ തൊഴിൽ മേഖലകൾ പരിചയപ്പെടുത്തുന്നു | അക്കാദമിക വർഷം | സോഷ്യൽ സയൻസ് ക്ലബ് | |
| 10.സാമൂഹിക ശാസ്ത്ര വിഷയങ്ങളിലൂടെ ഭരണ തലപ്പത്തേക്ക് | **പുതു ചക്രവാളത്തിലേക്ക് :-** സിവിൽ സർവീസ് പരീക്ഷ എഴുതാൻ പ്രാപ്തി നേടുന്ന വിധത്തിൽ അറിവിന്റെ മാസ്മരിക ലോകം സൃഷ്ടിക്കുന്ന തരത്തിലുള്ള ചോദ്യോത്തര വേളകൾ ക്ലാസുകൾ സംഘടിപ്പിക്കുക | അക്കാദമിക വർഷം | സോഷ്യൽ സയൻസ് ക്ലബ് | |

## മേഖല- യുപി അടിസ്ഥാന ശാസ്ത്രം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **ശാസ്ത്ര കളികൾ**<br>ശാസ്ത്രവിഷയത്തെക്കുറിച്ച് കൂടുതൽ അറിയുവാൻ ശാസ്ത്ര കിറ്റ് ഉപയോഗിച്ച് കളികൾ രൂപപ്പെടുത്തുക<br>**ശാസ്ത്രലോകംകണ്ടറിയാം**<br>ശാസ്ത്രംലോകത്തെമാറ്റങ്ങൾ നേരിട്ട് കണ്ടു മനസ്സിലാക്കുവാൻ വിവിധ ആവാസ വ്യവസ്ഥകൾ സന്ദർശിക്കുന്നു | ജൂൺ മുതൽ<br>ജൂലൈ മുതൽ | ശാസ്ത്ര അധ്യാപകർ<br>ശാസ്ത്ര അധ്യാപകർ | അധ്യാപകർ<br>അധ്യാപകർ |
| ശാസ്ത്രത്തിലെ നൂതന മാറ്റങ്ങൾമനസ്സിലാക്കുവാനും ശാസ്ത്രഉപകരണങ്ങൾ കൈകാര്യം ചെയ്യുവാനും ഉള്ള കഴിവ് വളർത്തി യെടുക്കുക | **ശാസ്ത്രപത്രം**<br>ഓരോ ആഴ്ചയിലുംലോകത്ത് നടക്കുന്ന ശാസ്ത്രവുമായി ബന്ധപ്പെട്ട വാർത്തകൾ ശേഖരിച്ച് ആഴ്ചയിൽ ഒരിക്കൽ ശാസ്ത്രപത്രം ക്ലാസിൽ അവതരിപ്പിക്കുക<br>**ശാസ്ത്ര കോർണർ**<br>ശാസ്ത്രവുമായി ബന്ധപ്പെട്ട വാർത്തകളുംപരീക്ഷണങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് സയൻസ് ലാബിൽ ഒരു ശാസ്ത്ര കോർണർ തയ്യാറാക്കുക<br>**ശാസ്ത്ര റേഡിയോ**<br>ഓരോ ദിവസവും ശാസ്ത്രലോകത്ത് ഉണ്ടാകുന്ന നൂതന മാറ്റങ്ങൾ ശാസ്ത്ര റേഡിയോയിലൂടെ സ്കൂൾ അസംബ്ലിയിൽ കുട്ടികളിലേക്ക് എത്തിക്കുക | ജൂൺ മുതൽ<br>ജൂലൈ മുതൽ<br>ഓഗസ്റ്റ് | ശാസ്ത്ര അധ്യാപകർ<br>ശാസ്ത്ര അധ്യാപകർ<br>ശാസ്ത്ര അധ്യാപകർ | അധ്യാപകർ<br>പിടിഎ<br>രക്ഷിതാക്കൾ |
| ശാസ്ത്രവും ഐസിടിയുമായി ബന്ധപ്പെടുത്തി ശാസ്ത്ര അവബോധം എളുപ്പത്തിൽ കുട്ടികളിലേക്ക് എത്തിക്കുക | **ശാസ്ത്ര സിനിമ**<br>ശാസ്ത്രവുമായി ബന്ധപ്പെട്ട സിനിമകൾ ശാസ്ത്ര നിരീക്ഷകരുടെ ചിന്തകൾ ചരിത്രകാരന്മാരുടെ സംഭാഷണങ്ങൾ എന്നിവ ഉൾപ്പെടുത്തി വിഡിയോ പ്രദർശനം | നവംബർ | ശാസ്ത്ര അധ്യാപകർ | അധ്യാപകർ |
| കുട്ടികളിൽ ഗവേഷണ താൽപര്യം വളർത്തിയെടുക്കുക | **കുട്ടിശാസ്ത്രജ്ഞർ**<br>ശാസ്ത്രത്തിൽ പുതിയ പുതിയ കണ്ടെത്തലുകൾ നടത്തുന്നതിനായി സ്കൂളിൽ നിന്നും വൈഐപി ഇൻസ്പെയർ അവാർഡ് ജേതാക്കളുമായി സംവാദം എർപ്പെടുത്തുക | ഡിസംബർ | ശാസ്ത്ര അധ്യാപകർ | അധ്യാപകർ |
| | | | | |

## അക്കാദമിക് മാസ്റ്റർ പ്ലാൻ
### മേഖല: യു.പി ഗണിതം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | അടിസ്ഥാന ഗണിതക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു. | ഗണിത ശില്പശാല<br>കളിരീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മഞ്ചാടി, മുത്തുകൾ, ഫ്ലാഷ് കാർഡ് മുതലായവ) | ജൂൺ | ഗണിത അധ്യാപകർ | ഗണിത ക്ലബ്ബ് |
| 2 | ഗണിത മേഖലയിൽ കുട്ടിയുടെ താൽപര്യം വർദ്ധിപ്പിക്കൽ. | ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകർ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താല്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ നാലോ അഞ്ചോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി. ടി. എ |
| 3 | ഗണിത മത്സര വേദിയിലേക്ക്: മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ. | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ, മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ. | മാസത്തിൽ ഒന്ന് | അധ്യാപകർ, പി.ടി.എ | പി. ടി. എ |
| 4 | നിർമിതികളിലെ ശേഷി കൈവരിക്കൽ. | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത, ശില്പശാലകൾ. | തുടർ പ്രവർത്തനം | അധ്യാപകർ | പി. ടി. എ |
| 5 | ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ. ലാബിൽ വച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ക്ലബ് അംഗങ്ങളും | ഗണിത ക്ലബ് |
| 6 | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു. | പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും | ആഴ്ചയിൽ ഒരു പീരിഡ് | ഗണിത അധ്യാപകരും സമർത്ഥരായ | പി. ടി. എ |

| | | | | | |
|---|---|---|---|---|---|
| | | മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് പോരായ്മ കണ്ടെത്തി ആവശ്യമായ പ്രവർത്തനം നൽകുന്നു. | | കുട്ടികളും | |
| 7 | ആധുനിക ശാസ്ത്രസാങ്കേതിക വിദ്യ ഗണിതവുമായി പ്രയോജനപ്പെടുത്തുന്നു. | ഐ സി ടി ജ്യാമിതീയ രൂപങ്ങൾ,ചതുഷ്ക്രിയകൾ തുടങ്ങിയവ ഐസിടി സാധ്യത ഉപയോഗപ്പെടുത്തി കുട്ടികളിലേക്ക് എളുപ്പത്തിൽ എത്തിക്കുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | പി. ടി. എ |
| 8 | സംഘബോധം ഉണ്ടാക്കൽ. | സംഘ പഠനം | തുടർ പ്രവർത്തനം | അധ്യാപകർ, ലീഡർമാർ | പി. ടി. എ |
| 9 | രക്ഷിതാക്കളെ ബോധവൽക്കരിക്കൽ. | മാസത്തിൽ ഒരു പ്രാവശ്യം പി.ടി.എ നടത്തുന്ന ചുമതലകൾ നൽകുന്നു. | എല്ലാ അധ്യാപകരും | അധ്യാപകർ,HM, പി. ടി.എ പ്രസിഡന്റ് | പി. ടി. എ |
| 10 | വിവിധ ശേഷികളുടെ വികസനം. | ദിനാചരണം ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRGൽരൂപപ്പെടുത്തുന്നു നിശ്ചിത ദിവസങ്ങളിൽഅവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | പി. ടി. എ |

# പ്രവർത്തന വഴികളിലൂടെ....








## തലവൂർ സ്കൂളിൽ

പത്തനാപുരം ▸ തലവൂർ ദേവി വിലാസം ഹയർ സെക്കൻഡറി സ്കൂളിൽ വായനദിനാചരണവും വിദ്യാരംഗം കലാ-സാഹിത്യവേദി ഉദ്ഘാടനവും നടന്നു. സാഹിത്യകാരൻ കുരീപ്പുഴ ഫ്രാൻസിസ് യോഗം ഉദ്ഘാടനം ചെയ്തു. പിടിഎ പ്രസിഡന്റ് ആർ. രാധാകൃഷ്ണപിള്ള അധ്യക്ഷനായി. ടി. പ്രഭാകരൻ, എസ്.കെ. ബിനുകുമാർ, സിന്ധു കെ. നായർ, ബി. സിന്ധു, എസ്. സിന്ധു, സി.എസ്. സുരേഷ്കുമാർ ...








തലവൂർ ഡിവിഎച്ച്എസ് സ്കൂളിൽ വായനദിനാചരണം സാഹിത്യകാരൻ കുരീപ്പുഴ ഫ്രാൻസിസ് ഉദ്ഘാടനം ചെയ്യുന്നു












## തലവൂർ ഹയർസെക്കൻഡറി സ്കൂളിൽ 'ഓപ്പറേഷൻ സിന്ധൂസ്'

സിന്ധു കെ. നായർ, എസ്. സിന്ധു, ബി. സിന്ധു എന്നിവർ



തലവൂർ ● ദേവി വിലാസം ഹയർസെക്കൻഡറി സ്കൂളിൽ ലഹരി വിരുദ്ധ ദിനാചരണം സംഘടിപ്പിച്ചു. കുന്നിക്കോട് എസ്എച്ച്ഒ കെ.ജി. ഗോപകുമാർ ഉദ്ഘാടനം ചെയ്തു. ആർ.രാധാകൃഷ്ണ പിള്ള അധ്യക്ഷത വഹിച്ചു. എസ്പിസി കേഡറ്റുകളുടെ നേതൃത്വത്തിൽ റാലി നടത്തി. എസ്.കെ.ബിനു കുമാർ, സിന്ധു കെ.നായർ, സി.എസ്.സുരേഷ് കുമാർ, എ.ആർ.സുധ, എം.ശ്യാംകുമാർ, ആർ. സൂരജ് എന്നിവർ പ്രസംഗിച്ചു.



## തലവൂർ ഡിവിഎച്ച്എസ്എസിൽ മാതൃഭൂമി 'മധുരം മലയാളം'



## യോഗാ ദിനാചരണം



## ...ഷീർ ...നുസ്മരണം

...വൂർ ● ദേവി വിലാസം ഹയർ... ...ക്കൻഡറി സ്കൂളിൽ ...ക്കം മുഹമ്മദ് ബഷീർ അനു...രണം നടത്തി. ഹെഡ്മി...സ് സിന്ധു കെ.നായർ, സി... ...സ്.സുരേഷ് കുമാർ, എം.ശ്യാ...ർ, എ.ആർ.സുധ എന്നിവർ ...ംഗിച്ചു.